14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513 **21-01-2021 - ൽ മറുപടിയ്ക്ക്**

ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് പദ്ധതികൾ

ചോദ്യം		ഉത്തരം	
ശ്രീ. കെ . ബാബു		Shri M. M. Mani (വൈദ്യുതി വകുപ്പുമന്ത്രി)	
(എ)	നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ ഏതെല്ലാം ആദിവാസി കോളനികളിലാണ് വൈദ്യുതി എത്തിക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ;	(എ)	നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ കുരിയാർകുറ്റി, തേക്കടി, അല്ലിമൂപ്പൻ, തേക്കടി മുപ്പതേക്കർ, ഉറവൻപാടി, കച്ചിത്തോട് എന്നീ ആദിവാസി കോളനികളിൽ ഗ്രിഡുമായി ബന്ധിപ്പിച്ച വൈദ്യുതി-ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ പ്രദേശ ങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. കേരള വൈദ്യുതി ഗ്രിഡിൽ നിന്നും വനാന്തർഭാഗത്തായി സ്ഥിതി ചെയ്യുന്ന കോളനി കളിലെയ്ക്ക് ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുവാനായി വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി, ഭീമമായ സാമ്പത്തിക ചിലവ് എന്നിങ്ങനെയുള്ള തടസ്സങ്ങൾ കാരണമാണ് ടി കോളനികളിലെ എല്ലാ വീടുകളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ച് നല്കിയത്. തേക്കടി, അല്ലിമൂപ്പൻ കോളനി എന്നീ ആദിവാസി കോളനികളിൽ പുതുതായി വന്ന വീടുകളിൽ LED പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നല്കുവാൻ വേണ്ടിയുള്ള 37,31,357/- രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പറമ്പിക്കുളം പൂപ്പാറ കോളനിയിലെ വീടുകളിൽ നിലവിൽ 3.2 kW കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. എങ്കിലും ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുന്ന ശ്രമത്തിന്റെ ഭാഗമായി ഏകദേശം 7.55 കിലോമീറ്റർ അകലെയുള്ള തമിഴ്നാട് ഗ്രിഡിൽ നിന്നും 1.4 കി.മീ. 22 kV OH ലൈനും നിബിഡ വനത്തിലൂടെ 6.15 കി.മീ. 22 kV ഭൂഗർഭ കേബിളും സ്ഥാപിച്ച വൈദ്യുതി എത്തിക്കുന്ന തിനായി 5.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അനുമതികൾക്കായി കേരളത്തിലേയും തമിഴ്

			നാട്ടിലേയും വനം വകുപ്പുകളെയും തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനേയും സമീപിച്ചിട്ടുണ്ട്.
(ബി)	പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;	(ബി)	നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ കുരിയാർകുറ്റി, തേക്കടി, അല്ലിമൂപ്പൻ, തേക്കടി മുപ്പതേക്കർ, ഉറവൻപാടി, കച്ചിത്തോട് എന്നീ ആദിവാസി കോളനികളിൽ ഗ്രിഡുമായി ബന്ധിപ്പിച്ച വൈദ്യുതി-ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. കേരള വൈദ്യുതി ഗ്രിഡിൽ നിന്നും വനാന്തർഭാഗത്തായി സ്ഥിതി ചെയ്യുന്ന കോളനി കളിലെയ്ക്ക് ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുവാനായി വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി, ഭീമമായ സാമ്പത്തിക ചിലവ് എന്നിങ്ങനെയുള്ള തടസ്സങ്ങൾ കാരണമാണ് ടി കോളനികളിലെ എല്ലാ വീടുകളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ച് നല്കിയത്. തേക്കടി, അല്ലിമൂപ്പൻ കോളനി എന്നീ ആദിവാസി കോളനികളിൽ പുതുതായി വന്ന വീടുകളിൽ LED പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നല്കുവാൻ വേണ്ടിയുള്ള 37,31,357/- രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പറമ്പിക്കുളം പൂപ്പാറ കോളനിയിലെ വീടുകളിൽ നിലവിൽ 3.2 kW കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. എങ്കിലും ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുന്ന ശ്രമത്തിന്റെ ഭാഗമായി ഏകദേശം 7.55 കിലോമീറ്റർ അകലെയുള്ള തമിഴ്നാട് ഗ്രിഡിൽ നിന്നും 1.4 കി.മീ. 22 kV OH ലൈനും നിബിഡ വനത്തിലൂടെ 6.15 കി.മീ. 22 kV ഭൂഗർഭ കേബിളും സ്ഥാപിച്ചു വൈദ്യുതി എത്തിക്കുന്നതിനായി 5.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അനുമതികൾക്കായി കേരളത്തിലേയും തമിഴ് നാട്ടിലേയും വനം വകുപ്പുകളെയും തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനേയും സമീപിച്ചിട്ടുണ്ട്.
(സി)	പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?	(സി)	നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം വനമേഖലയിലെ കുരിയാർകുറ്റി, തേക്കടി, അല്ലിമൂപ്പൻ, തേക്കടി മുപ്പതേക്കർ, ഉറവൻപാടി, കച്ചിത്തോട് എന്നീ ആദിവാസി കോളനികളിൽ ഗ്രിഡുമായി ബന്ധിപ്പിച്ച വൈദ്യുതി-ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി സോളാർ പ്ലാന്റ് സ്ഥാപിച്ച്

			വൈദ്യുതി എത്തിച്ചിട്ടുണ്ട്. കേരള വൈദ്യുതി ഗ്രിഡിൽ നിന്നും വനാന്തർഭാഗത്തായി സ്ഥിതി ചെയ്യുന്ന കോളനി കളിലെയ്ക്ക് ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുവാനായി വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി, ഭീമമായ സാമ്പത്തിക ചിലവ് എന്നിങ്ങനെയുള്ള തടസ്സങ്ങൾ കാരണമാണ് ടി കോളനികളിലെ എല്ലാ വീടുകളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ച് നല്കിയത്. തേക്കടി, അല്ലിമൂപ്പൻ കോളനി എന്നീ ആദിവാസി കോളനികളിൽ പുതുതായി വന്ന വീടുകളിൽ LED പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നല്കുവാൻ വേണ്ടിയുള്ള 37,31,357/- രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പറമ്പിക്കുളം പൂപ്പാറ കോളനിയിലെ വീടുകളിൽ നിലവിൽ 3.2 kW കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിച്ചിട്ടുണ്ട്. എങ്കിലും ഗ്രിഡ് സപ്ലൈ വഴി വൈദ്യുതി എത്തിക്കുന്ന ശ്രമത്തിന്റെ ഭാഗമായി ഏകദേശം 7.55 കിലോമീറ്റർ അകലെയുള്ള തമിഴ്നാട് ഗ്രിഡിൽ നിന്നും 1.4 കി.മീ. 22 kV OH ലൈനും നിബിഡ വനത്തിലൂടെ 6.15 കി.മീ. 22 kV ഭൂഗർഭ കേബിളും സ്ഥാപിച്ചു വൈദ്യുതി എത്തിക്കുന്ന തിനായി 5.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അനുമതികൾക്കായി കേരളത്തിലേയും തമിഴ് നാട്ടിലേയും വനം വകുപ്പുകളെയും തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനേയും സമീപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ